# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 137 — 11.06.2012-ൽ മറുപടിക്ക്

ചോദ്യം

ശ്രീ. ജി. സുധാകരൻ
ശ്രീമതി. പി. അയിഷാ പോറ്റി
ശ്രീ.എം. ചന്ദ്രൻ
ശ്രീ.എ.എം.ആരിഫ്

ഉത്തരം

ശ്രീ. കെ. എം. മാണി
ധനകാര്യവും നിയമവും
ഭവന നിർമ്മാണവും വകുപ്പുമന്ത്രി

### 2011-12 സാമ്പത്തിക വർഷത്തെ പദ്ധതിച്ചെലവുകളുടെ വിശദാംശങ്ങൾ

| | | |
|---|---|---|
| (എ) | ഈ സർക്കാർ അവതരിപ്പിച്ച ആദ്യ ബജറ്റിലെ നിർദ്ദേശങ്ങളും പ്രഖ്യാപനങ്ങളും എല്ലാം നടപ്പിലാക്കാൻ സാധിച്ചുവെന്ന് കരുതുന്നുണ്ടോ; ഇക്കാര്യം വിലയിരുത്തിയിട്ടുണ്ടായിരുന്നുവോ; | ഈ സർക്കാർ അവതരിപ്പിച്ച ആദ്യ ബജറ്റിലെ ഭൂരിഭാഗം നിർദ്ദേശങ്ങളും പ്രഖ്യാപനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ വിലയിരുത്തൽ നടത്തിവരികയാണ്. |
| (ബി) | 2011-12-ലെ ബജറ്റ് നിർദ്ദേശങ്ങളിൽ നടപ്പിലാക്കിയിട്ടില്ലാത്തവ ഏതൊക്കെയായിരുന്നു; ഭരണാനുമതി നൽകിയെങ്കിലും യഥാർത്ഥത്തിൽ ആ വർഷം നടപ്പിലാക്കിയിട്ടില്ലാത്തവ ഏതൊക്കെയാണെന്ന് വകുപ്പു തിരിച്ച് പരിശോധിച്ചിട്ടുണ്ടോ; | 2011-12 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ ഭൂരിഭാഗം പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാന സ്വയം സംരംഭക വികസനമിഷൻ, സാമൂഹ്യ ക്ഷേമ പെൻഷനുകൾ, കർഷക തൊഴിലാളി പെൻഷൻ എന്നിവ 400 രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി, ചെറുകിട നാമമാത്ര കർഷകർക്കുള്ള പെൻഷൻ, ബി.പി.എൽ. കുടുംബങ്ങൾക്ക് ഒരു രൂപ നിരക്കിൽ ഭക്ഷ്യധാന്യം നൽകുന്നതിനുള്ള പദ്ധതി, കാൻസർ തുടങ്ങിയ മാരക രോഗങ്ങൾ ബാധിച്ചവർക്ക് ചികിത്സാ സഹായം നൽകുന്നതിനുവേണ്ടിയുള്ള കാരുണ്യ സഹായ നിധി, കാലിത്തീറ്റ സബ്സിഡി, അനാഥാലയങ്ങൾക്കുള്ള സഹായം, എൻഡോസൾഫാൻ ദുരിതബാധിതരായ കിടപ്പിലായ രോഗികൾക്ക് 5 ലക്ഷം രൂപാ വീതവും |

| | | |
|---|---|---|
| (ബി) | | മറ്റു രോഗികൾക്ക് 3 ലക്ഷം രൂപാ വീതവും എൻഡോസൾഫാൻമൂലം മരിച്ചവരുടെ ബന്ധുക്കൾക്ക് 5 ലക്ഷം രൂപാ വീതവും നൽകുന്നതിനുള്ള ഉത്തരവുകൾ, മാലിന്യമുക്ത കേരളം തുടങ്ങിയവ ഇതിനോടകംതന്നെ നടപ്പിലാക്കിയ സുപ്രധാന പദ്ധതികളാണ്. മറ്റുള്ളവയുടെ നിർവ്വഹണം വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരികയാണ്. ഇടുക്കി, മലപ്പുറം, കാസർഗോഡ്, പത്തനംതിട്ട എന്നീ ജില്ലകളിൽ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന റോഡ് നവീകരണ പദ്ധതിക്ക് 200 കോടി 2011-12 ലെ ബജറ്റിൽ അനുവദിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട 1000 കിലോമീറ്റർ റോഡുകളുടെ പുനരുദ്ധാരണത്തിന് ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ, കണ്ണൂർ ജില്ലയിലെ ചെറുപുഴ, മലപ്പുറം ജില്ലയിലെ എടവണ്ണ, കോട്ടയം ജില്ലയിലെ കുറുവിലങ്ങാട്, എരുമേലി, ഇടുക്കി ജില്ലയിലെ മുരിക്കാശ്ശേരി എന്നീ സ്ഥലങ്ങളിൽ ട്രഷറികൾ ആരംഭിക്കുവാനുള്ള ഭരണാനുമതി നൽകുകയും അതു സംബന്ധിച്ച തുടർ നടപടികൾ പുരോഗമിച്ചുവരുകയും ചെയ്യുന്നു.കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷൻെറ ആഭിമുഖ്യത്തിലുള്ള ആയുർവേദ മരുന്നുല്പാദന യൂണിറ്റ് എൻ.സി.ഡി.സി.യുടെ സഹായത്തോടു കൂടിയുള്ള നവീകരണം, അത്യാധുനിക സൗകര്യമുള്ള സ്പെഷ്യാലിറ്റി മൃഗാശുപത്രികൾ സ്ഥാപിക്കൽ, ചെറുവത്തൂരിലെ വീരമലക്കുന്ന്, ഭൂതത്താൻകെട്ട് എന്നിവ ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിക്കൽ, പ്രവാസി ലീഗൽ എയ്ഡ്സ് സെൽ തുടങ്ങിയവ, കണ്ണൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ബി.ഒ.ടി. അടിസ്ഥാനത്തിൽ വ്യാപാര സമുച്ചയത്തിൻെറ നിർമ്മാണം, താനൂരിൽ മത്സ്യബന്ധന തുറമുഖത്തിൻെറ നിർമ്മാണം, റവന്യൂ വകുപ്പിൻെറ കീഴിലുള്ള പൈതൃക മന്ദിരങ്ങളുടെ നവീകരണം തുടങ്ങിയവ ഇതേവരെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ഇവ നടപ്പിലാക്കുവാനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഭരണാനുമതി നൽകിയെങ്കിലും യഥാർത്ഥത്തിൽ ആ വർഷം നടപ്പിലാക്കിയിട്ടില്ലാത്തവ ഏതൊക്കെയാണെന്നുള്ള കാര്യം പരിശോധിച്ചുവരുന്നു. |

| | | |
|---|---|---|
| (സി) | യഥാർത്ഥത്തിൽ നടപ്പിലാക്കിയിട്ടില്ലാത്തതുമൂലം ചെലവഴിക്കാൻ കഴിയാത്ത തുക, ലാപ്സായിപ്പോയവ ഏതൊക്കെയായിരുന്നു; വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ; | വിവിധ ഭരണവകുപ്പുതലവൻമാരിൽ നിന്നും ലഭിച്ച വിവരമനുസരിച്ച് 2011-12-ലെ ബജറ്റ് നിർദ്ദേശങ്ങളിൽ ഭരണാനുമതി നൽകിയെങ്കിലും യഥാർത്ഥത്തിൽ നടപ്പിലാക്കിയിട്ടില്ലാത്തതു മൂലം ഇൻഫർമേഷൻ ആൻ് പബ്ളിക് റിലേഷൻസ് വകുപ്പിൽ 5 ലക്ഷം രൂപയും, നിയമവകുപ്പിൽ 2.16 ലക്ഷം രൂപയും, നഗരാസൂത്രണ വകുപ്പിൽ 26.8 ലക്ഷം രൂപയും, പ്രവാസികാര്യ വകുപ്പിൽ 214 ലക്ഷം രൂപയും, പൊതുവിദ്യാഭ്യാസ വകുപ്പിൽ 25 ലക്ഷം രൂപയും, നഗരകാര്യ വകുപ്പിൽ 50 ലക്ഷം രൂപയും, സ്റ്റേഷനറി വകുപ്പിൽ 25.79 ലക്ഷം രൂപയും, ഭവനനിർമ്മാണ വകുപ്പിൽ 1 കോടി രൂപയും, സർവ്വേ ആൻറ് ലാൻറ് റിക്കോർഡ്സ് വകുപ്പിൽ 24.96 ലക്ഷം രൂപയും, ആർക്കൈവ്സ് വകുപ്പിൽ 1.38 ലക്ഷം രൂപയും, റവന്യൂ വകുപ്പിൽ 108.36 ലക്ഷം രൂപയും, അച്ചടി വകുപ്പിൽ 135.12 ലക്ഷം രൂപയും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. |
| (ഡി) | 2011-12 സാമ്പത്തിക വർഷത്തെ പദ്ധതിച്ചെലവുകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ? | 2011-12 സാമ്പത്തിക വർഷത്തെ പദ്ധതിച്ചെലവുകൾ സംബന്ധിച്ച വിശദാംശങ്ങൾ ഡിമാൻറടിസ്ഥാനത്തിൽ അനുബന്ധമായി ചേർക്കുന്നു. |

J.K Shailaja

സെക്ഷൻ ഓഫീസർ

| ധനാഭ്യർത്ഥന യുടെ നംപർ | ധനാഭ്യർത്ഥനയുടെ പേര് | ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക | അക്കൗണ്ടന്റ് ജനറലിന്റെ താല്കാലിക കണക്കനുസരിച്ച് മാർച്ച് 31 വരെ ചെലവഴിച്ച തുക |
|---|---|---|---|
| | | പദ്ധതി | പദ്ധതി |
| | | (രൂപ ലക്ഷത്തിൽ) | |
| 1 | 2 | 3 | 5 |
| I | സംസ്ഥാന നിയമസഭ | 20.00 | 3.89 |
| II | സംസ്ഥാന ഭരണത്തലവൻമാർ മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ | 9927.00 | 9454.30 |
| III | നീതിന്യായ നിർവഹണം | 84.00 | 51.27 |
| V | കാർഷികാദായ നികുതിയും വിൽപന നികുതിയും | 20.00 | 20.00 |
| VI | ഭൂ നികുതി | 2250.00 | 128.75 |
| VII | മുദ്രപത്രങ്ങളും രജിസ്ട്രേഷനും | 400.00 | 394.33 |
| X | ട്രഷറികളും അക്കൗണ്ടുകളും | 890.00 | 537.96 |
| XI | ജില്ലാഭരണവും പലവകയും | 940.02 | 774.48 |
| XII | പോലീസ് | 3347.00 | 3258.49 |
| XIII | ജയിലുകൾ | 100.00 | 14.42 |
| XIV | സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 3619.19 | 2383.78 |
| XV | പൊതുമരാമത്ത് | 61418.82 | 148090.79 |
| XVI | പെൻഷനും പലവകയും | 180.00 | 0.00 |
| XVII | വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം | 83875.26 | 73581.29 |
| XVIII | വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | 30786.60 | 47093.30 |
| XIX | കുടുംബക്ഷേമം | 16936.00 | 23538.16 |
| XX | ശുദ്ധജലവിതരണവും ശുചീകരണവും | 96939.01 | 50122.18 |
| XXI | ഭവന നിർമ്മാണം | 4750.00 | 5874.10 |
| XXII | നഗര വികസനം | 66121.88 | 33424.43 |
| XXIII | വാർത്താവിതരണവും പ്രചരണവും | 3200.01 | 3936.14 |

| ധനാഭ്യർത്ഥന യുടെ നംപർ | ധനാഭ്യർത്ഥനയുടെ പേര് | ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക | അക്കൗണ്ടൻറ് ജനറലിന്റെ താല്കാലിക കണക്കനുസരിച്ച് മാർച്ച് 31 വരെ ചെലവഴിച്ച തുക |
|---|---|---|---|
| | | പദ്ധതി | പദ്ധതി |
| | | (രൂപ ലക്ഷത്തിൽ) | |
| 1 | 2 | 3 | 5 |
| XXIV | തൊഴിലും തൊഴിലാളിക്ഷേമവും. | 44594.02 | 35871.06 |
| XXV | പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നാക്കവിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം. | 80883.51 | 87572.03 |
| XXVI | പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് | 0.00 | 3.71 |
| XXVII | സഹകരണം. | 8225.01 | 6587.56 |
| XXVIII | പലവക സാമ്പത്തിക സർവ്വീസുകൾ | 2140.53 | 2703.36 |
| XXIX | കൃഷി | 74932.80 | 66411.73 |
| XXX | ഭക്ഷ്യം. | 9835.43 | 9238.53 |
| XXXI | മൃഗസംരക്ഷണം. | 11435.01 | 11926.29 |
| XXXII | ക്ഷീര വികസനം. | 6991.00 | 7596.28 |
| XXXIII | മൽസ്യബന്ധനം. | 16246.08 | 20169.91 |
| XXXIV | വനം. | 10911.00 | 9633.42 |
| XXXV | പഞ്ചായത്ത് | 6210.01 | 13935.04 |
| XXXVI | സാമൂഹ്യ വികസനം. | 17577.02 | 5762.97 |
| XXXVII | വ്യവസായങ്ങൾ | 54377.04 | 60039.24 |
| XXXVIII | ജലസേചനം. | 47177.79 | 13129.71 |
| XXXIX | വൈദ്യുത പദ്ധതികൾ | 3600.00 | 0.00 |
| XL | തുറമുഖങ്ങൾ | 18081.00 | 21831.50 |
| XLI | ഗതാഗതം. | 22159.01 | 23061.54 |
| XLII | വിനോദസഞ്ചാരം. | 10050.03 | 17401.12 |
| XLVI | സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും. | 64293.24 | 61438.65 |